വായ്പ നൽകുകയും മറ്റു പഠന പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു വരുന്നു.

(ഡി) ആദ്യപടിയായി 1996-97 അദ്ധ്യയന വർഷത്തിൽ 176 സ്കൂളുകൾ ദത്തെടുത്തു. കുട്ടികളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല.

23 (*109) ശുദ്ധജല ചെമ്മീൻ കൃഷി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല ചെമ്മീൻ കൃഷി വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്;

(ബി) നിലവിൽ ശുദ്ധജല ചെമ്മീൻകൃഷി ഏതൊക്കെ ജില്ലകളിലാണ് നടത്തുന്നത്;

(സി) ഗുണമേന്മയുള്ള ചെമ്മീൻ വിത്ത് കർഷകർക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്;

(ഡി) യു.എൻ.ഡി.പി., എം.പി., ഇ.ഡി.എ. എന്നിവയുടെ സാങ്കേതിക സഹായത്തോടെ മാതൃക ശുദ്ധജല ചെമ്മീൻ ഫാമുകൾ നടത്തി വരുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ശുദ്ധജല ചെമ്മീൻകൃഷി നടത്തുന്നതിനും സഹകാര്യ വ്യക്തികളെ അതിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദേശത്തുനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കേരളത്തിലെ എല്ലാ ജില്ലകളിലും ജനകീയ മത്സ്യക്കൃഷി പദ്ധതിയിലൂടെ ചെമ്മീൻ കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക, മത്സ്യ കർഷക വികസന ഏജൻസി മുഖേന ശുദ്ധജല ചെമ്മീൻ കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽകുക, മത്സ്യ കർഷക ഏജൻസിവഴി പുതിയ കുളം നിർമ്മിച്ച് ശുദ്ധജല ചെമ്മീൻ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 20,000 രൂപ സബ്സിഡി നൽകുക, നിലവിലുള്ള കുളം വൃത്തിയാക്കി ചെമ്മീൻകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 8000 രൂപ നൽകുക, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ നബാഡിന്റെ മേൽനോട്ടത്തിൽ "കൂട്ടനാട് സമഗ്ര ജനകൃഷി വികസന പദ്ധതി" പ്രകാരം ശുദ്ധജല ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 17500 രൂപ നിരക്കിൽ ധനസഹായവും മറ്റ് സാങ്കേതിക സഹായവും നൽകി വരുന്നു.

(ബി) എല്ലാ ജില്ലകളിലും നടത്തിവരുന്നു.

(സി) ഗുണമേൻമയുള്ള ചെമ്മീൻ വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിൽ അഴീക്കോടും, കൊല്ലം ജി.ഡബ്ല്യു.എഫ്. എഫ്.ഡി.എ. യുടെ കീഴിൽ നീണ്ടകരയിലും ഹാച്ചറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ചെമ്മീൻ വിത്തുൽപാദനത്തിന് കർഷകർക്ക് പരിശീലനവും സാങ്കേതിക സഹായവും അഡ്വാൻസ് മുഖേന നൽകിവരുന്നു.

(ഡി) നടത്തിവരുന്നില്ല.

(ഇ) ലഭിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly